പതിമൂന്നാംകേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4483 — 28.06.2012 - ൽ മറുപടിക്ക്

**മുഴപ്പിലങ്ങാട് - മാഹി ബൈപ്പാസ്**

| ചോദ്യം<br>ശ്രീ. കെ. കെ. നാരായണൻ | | ഉത്തരം<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | മുഴപ്പിലങ്ങാട് - മാഹി ബൈപ്പാസിന്റെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് പറയാമോ ; | (എ) | മുഴപ്പിലങ്ങാട് - മാഹി ബൈപ്പാസിന്റെ നിർമ്മാണം കണ്ണൂർ-വെങ്ങളം പാക്കേജിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പണി അവാർഡു ചെയ്യുകയും കൺസെഷൻ എഗ്രിമെന്റ് 24.02.2010 -ന് ഒപ്പിടുകയും ചെയ്തു. ഇത് സംബന്ധിച്ച പണിയുടെ ബാധ്യതാരഹിതമായ സ്ഥലം കോൺട്രാക്ട് കണ്ടീഷൻ അനുസരിച്ച് കൊടുക്കാൻ പറ്റാത്ത സാഹചര്യത്തിൽ ഫിനാൻഷ്യൽ ക്ലോഷർ ഇതുവരെയും സാധിച്ചിട്ടില്ല. |
| (ബി) | ഇതിന് വേണ്ടി സ്ഥലമെടുപ്പ് എത്രത്തോളം പൂർത്തീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ; | (ബി) | ഇതിന് വേണ്ടി സ്ഥലമേറ്റെടുക്കൽ പ്രവൃത്തിയുടെ പുരോഗതി ചുവടെ ചേർക്കുന്നു:<br>1. കി.മീ.170.300 മുതൽ കി.മീ.180.00 വരെയുള്ള 9.70 കി.മീ. ദൂരം ഏറ്റെടുത്തിട്ടുണ്ട്.<br><br>2. കി.മീ.180.00 മുതൽ കി.മീ.182.200 വരെയുള്ള 2.20 കി.മീ. ദൂരത്തേയ്ക്ക് 3 ഡി നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചു. 90% സ്ഥലമേറ്റെടുക്കലും പൂർത്തീകരിച്ചിട്ടുണ്ട്. |

3. കി.മീ.182.200 മുതൽ കി.മീ. 184.200 വരെയുള്ള 2 കി.മീ. ദൂരത്തേയ്ക്ക് 29.03.2012 -ൽ 3 ഡി നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ ഡെപ്യൂട്ടി കളക്ടർ (റവന്യൂ) സ്വീകരിക്കേണ്ടതായിട്ടുണ്ട്.

4. കി.മീ.184.200 മുതൽ കി.മീ.185.800 വരെയുള്ള 1.60 കി.മീ.ദൂരത്തേയ്ക്ക് എൻ.എച്ച്.ആക്ട് 3 ജി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഡിസ്ട്രിക്ട് ലെവൽ പർച്ചേസ് കമ്മിറ്റി, ലാന്റ് വാല്യൂ നിർണ്ണയിക്കേണ്ടതുണ്ട്.

5. കി.മീ.185.800 മുതൽ 188.300 വരെയുള്ള 2.5 കി.മീ. ദൂരത്തേയ്ക്കുള്ള 3 എ നോട്ടിഫിക്കേഷൻ 08.12.2011 -ൽ പുറപ്പെടുവിച്ച് സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു.

(സി) എങ്കിൽ ഇതിന്റെ പ്രവൃത്തി എന്ന് തുടങ്ങുവാൻ സാധിക്കുമെന്നും വിശദമാക്കുമോ ?

(സി) കണ്ണൂർ (കി.മീ.148.000) മുതൽ വെങ്ങളം (കി.മീ. 230.000) വരെയുള്ള ദേശീയപാത 17 നാലുവരിയാക്കുന്നതിനുള്ള പദ്ധതിയിൽ ഉൾപ്പെട്ടതാണ് ഈ പ്രവൃത്തിയും. എന്നാൽ എൻ.എച്ച്.17 ന്റെ സ്ഥലമെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ പണി ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. ഈ പദ്ധതി തുടങ്ങുന്ന നാൾ മുതൽ 30 മാസത്തിനുള്ളിൽ പണി പൂർത്തിയാക്കേണ്ടതുണ്ട്.

സെക്ഷൻ ഓഫീസർ